പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3676 25.06.2013 -ൽ മറുപടിക്ക്

<u>കെ.എസ്.ആർ.ടി.സി. ബസ്സിലെ ഡ്രൈവർമാർക്ക് ഡ്രൈവിംഗ് പരിശീലനം</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീമതി. പി. അയിഷാ പോറ്റി : ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ്സിലെ ഡ്രൈവർമാർക്ക് കോർപ്പറേഷൻ ഏതെല്ലാം ഘട്ടങ്ങളിൽ ഡ്രൈവിംഗ് പരിശീലനം നൽകുന്നു എന്ന് വ്യക്തമാക്കുമോ ; | (എ) | 1. നിയമനത്തിനു മുന്നോടിയായി നൽകുന്ന 4 ദിവസത്തിൽകുറയാത്ത പ്രാഥമിക പരിശീലനം.<br>2. സേവന കാലയളവിൽ നൽകുന്ന തുടർ പരിശീലനങ്ങൾ.<br>3. അപകടത്തിൽപ്പെടുന്നവർക്കും ഡ്രൈവിംഗ് ന്യൂനതകൾ ഉള്ളവർക്കും നൽകുന്ന 5 ദിവസത്തിൽ കുറയാത്ത തിരുത്തൽ പരിശീലനങ്ങൾ.<br>4. വാഹന നിർമ്മാതാക്കളുടെ സഹായത്തോടെ നൽകുന്ന പരിശീലനങ്ങൾ<br>5. പെട്രോളിയം കൺസർവ്വേഷൻ ആൻഡ് റിസർച്ച് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഇന്ധനക്ഷമത കൂട്ടുന്നതിനുള്ള പരിശീലനങ്ങൾ എന്നീ രീതികളിൽ വിവിധ ഘട്ടങ്ങളിലായി കെ.എസ്.ആർ.ടി.സി ഡ്രൈവർമാർക്ക് പരിശീലനങ്ങൾ നൽകിവരുന്നു.<br>6. യൂണിറ്റ് തലത്തിൽ അധികാരികളുടെ നേതൃത്വത്തിൽ കൗൺസിലിംഗ്. |
| (ബി) | അപകടകരമായും അശ്രദ്ധമായും കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ സൂപ്പർ ഫാസ്റ്റ് / ഫാസ്റ്റ് പാസഞ്ചർ / എക്സ്പ്രസ് ബസ്സുകൾ ഓടിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (ബി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപെടുന്ന അവസരങ്ങളിൽ ഡ്രൈവറെ നിർബന്ധിത കറക്ടീവ് ട്രെയിനിംഗിനായി സ്റ്റാഫ് ട്രെയിനിംഗ് സെന്ററിലേക്ക് അയയ്ക്കുകയാണ് ചെയ്യുന്നത്. ഡ്രൈവർമാരിലുള്ള അപകടകരമായും, അശ്രദ്ധയോടെയുമുള്ള |

| | | | |
|---|---|---|---|
| | | | ഡ്രൈവിംഗ് പ്രവണത നേരിട്ട് കണ്ടെത്തുന്നതിലേക്കായി കോർപ്പറേഷൻ ഡ്രൈവർ ട്രെയിനർമാരെ നിയോഗിച്ചിട്ടുണ്ട്. ഇവർ സർവ്വീസ് ബസ്സുകളിൽ യാത്ര ചെയ്ത് ഡ്രൈവർമാരിലുള്ള ഡ്രൈവിംഗിന്റെ ന്യൂനതകൾ നേരിട്ട് മനസ്സിലാക്കി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കറക്ടീവ് ട്രെയിനിംഗ് നൽകാറുണ്ട്. |
| (സി) | എങ്കിൽ ഡ്രൈവർമാരുടെ അശ്രദ്ധയും അമിത വേഗതയും നിരീക്ഷിക്കുന്നതിന് കെ.എസ്.ആർ. ടി.സി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഏതെല്ലാം ; | (സി) | സർവ്വീസ് നടത്തുന്ന വേളയിൽ ബസ്സുകളിൽ സഞ്ചരിച്ച് ഡ്രൈവർമാരുടെ ഡ്രൈവിംഗ് രീതികൾ പരിശോധിക്കുന്നതിന് ഡ്രൈവർ ട്രെയിനർമാരെ നിയോഗിച്ചിട്ടുണ്ട്. സർവ്വീസ് ഇൻസ്പെക്ഷൻ വേളയിൽ ഇൻസ്പെക്ടർമാരും ഡ്രൈവർമാരുടെ ന്യൂനതകൾ റിപ്പോർട്ട് ചെയ്യാറുണ്ട്. ഇവർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപാകതകൾ ഉള്ളവർക്ക് തിരുത്തൽ പരിശീലനങ്ങളും നിയമ പ്രകാരം ശിക്ഷണ നടപടികളും കൈക്കൊള്ളാറുണ്ട്. |
| (ഡി) | ഡ്രൈവർമാരുടെ അശ്രദ്ധയും അമിതവേഗവും നിമിത്തം 2012-ൽ എത്ര കെ.എസ്.ആർ.ടി.സി ബസ്സുകൾ അപകടത്തിൽ പ്പെട്ടിട്ടുണ്ട് ; | (ഡി) | 2012-ൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ ഉൾപ്പെട്ട 1,100 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോയിൽ നിന്ന് ലഭിച്ച വിവരം). ഇത്തരം എല്ലാ കേസ്സുകളിലും കെ.എസ്. ആർ.ടി.സി മാത്രമാണ് ഉത്തരവാദി എന്ന് പറയാൻ കഴിയുകയില്ല. |
| (ഇ) | അപകടങ്ങളിൽ മരണമടഞ്ഞവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും എണ്ണം അറിയാമോ ; വിശദമാക്കാമോ ? | (ഇ) | 2012-ൽ കെ.എസ്.ആർ.ടി.സി ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങളിൽ 203 പേർ മരണമടഞ്ഞു. ഇതേ വർഷം, കെ.എസ്.ആർ. ടി.സി ബസ്സുകൾ ഉൾപ്പെട്ട മറ്റ് അപകടങ്ങളിൽ 614 പേർക്ക് ഗുരുതരമായി പരിക്കുപറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ